بسم الله الرحمن الرحيم

إن الدين عند الله الإسلام

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 16/10/2015

(02 Muharram 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## SERVICE TO HUMANITY / മാനവ സേവനം

### PART 2

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹാ ഓതിയ ശേഷം മാനവസേവനം എന്ന വിഷയത്തിന്റെ രണ്ടാം ഭാഗത്തിലേക്ക് പ്രവേശിച്ചു.

അൽഹംദുലില്ലാഹ് ! സുമ്മ അൽഹംദുലില്ലാഹ്! കഴിഞ്ഞ ആഴ്ച ആരംഭിച്ച പ്രഭാഷണത്തിന്റെ രണ്ടാം ഭാഗത്തിലേക്ക് പ്രവേശിക്കുവാനുള്ള ഭാഗ്യം അല്ലാഹു (ത) എനിക്ക് നൽകിയിരിക്കുന്നു.

ലോകത്ത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം എവിടെയൊക്കെ സ്ഥാപിതമായിട്ടുണ്ടോ അവിടെയുള്ള അംഗങ്ങളോടുള്ള ഒരു ഉപദേശമാണിത്, അതുപോലെ എല്ലാ മുസ്ലീംകളോടും, എല്ലാ അഹ്മദികളോടുമുള്ള ഒരു ഉപദേശം കൂടിയാണിത്. ധാർമ്മികതയെക്കുറിച്ച് അഥവാ നല്ല പെരുമാറ്റത്തെക്കുറിച്ചുള്ള ഈ സന്ദേശം എല്ലാ ജനങ്ങൾക്കും കിട്ടിയിട്ടുണ്ട് എന്ന് നിങ്ങൾ ധരിക്കരുത്. ഇതിലൂടെ അവരുടെയെല്ലാം സംസ്ക്കരണം പൂർത്തിയായിരിക്കുന്നുവെന്നും കരുതരുത്. മറിച്ച്, കുറേ ധാർമ്മിക മൂല്യങ്ങൾ ജമാഅത്ത് സമ്പൂർണ്ണമായി സംരക്ഷിക്കേണ്ടതുണ്ട്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഒരംഗം മോശമായ കാര്യങ്ങൾ ചെയ്യുമ്പോൾ നിങ്ങൾ ഒന്നും അറിയാത്തവനെപോലെ നിലകൊള്ളാൻ പാടില്ല.

ജമാഅത്തിലെ ചില ആളുകൾ, അവർ മറ്റാളുകളുമായി സംസാരിക്കുമ്പോൾ, അവരോ നമ്മുടെ ജമാഅത്തിന്റെ ഭാഗമായി തീർന്നിട്ടുമില്ല, വിശിഷ്യാ, എന്റെ അസാന്നിദ്ധ്യത്തിൽ, **അവർ എല്ലാ പരിധികളും കടന്നു പോകുന്നു.** അവർ അനേകം കാര്യങ്ങളെക്കുറിച്ച്, പറഞ്ഞുകൊണ്ടേയിരിക്കുന്നു! ആ കാര്യങ്ങളോ തികച്ചും സത്യത്തിന്റെ അടിസ്ഥാനത്തിലുള്ളതുമല്ല. ഇത് അല്ലാഹുവിന്റെ സന്ദേശവാഹകനെ, ബുദ്ധിമുട്ടുണ്ടാക്കുന്ന അനേകം സാഹചര്യങ്ങളിലേക്ക് വലിച്ചിഴക്കുന്നു. ഇവർ പറയുന്ന വാക്കുകൾ മറ്റ് ജനവിഭാഗം വിശ്വസിക്കുവാനും ഇടവരുന്നു. ഇത് വാസ്തവത്തിൽ വളരെ ഗൗരവമായ സംഗതിയാണ്; ഇത് യഥാർത്ഥത്തിൽ ദുർഗന്ധം പരത്തുന്നതാണ്. ആ ദുർഗന്ധം എല്ലായിടത്തും പരക്കാവുന്നതാണ്. അത് നമ്മുടെ ജമാഅത്തിലേക്കും ദൈവദൂതനിലേക്കും എത്തുന്നതാണ്. ഈ ആളുകൾ പറഞ്ഞുപരത്തിയതെന്തെന്ന് ദൈവദൂതനൊട്ടറിയുന്നുമില്ല. അങ്ങനെ വരുമ്പോൾ അത് നിയന്ത്രണവിധേയമല്ലാത്ത നുണ പ്രചാരണമാകുന്നു, അത് സത്യവുമായി ബന്ധമില്ലാത്തതുമാണ്, അത് ദുഷിച്ച് ദുഷിച്ച് മുഴുവൻ സമുദ്രത്തെയും മലീമസമാക്കുന്നു.

നിശ്ചയമായും എല്ലാ പ്രവാചകൻമാരും ഇത്തരം സാഹചര്യങ്ങളെ നേരിട്ടിട്ടുണ്ട്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഒരാൾ ഒരു പ്രവർത്തി ചെയ്യുന്നത് നിങ്ങൾ കണ്ടു എന്നിരിക്കട്ടെ. ആ പ്രവർത്തി അവനെയും അവന്റെ കുടുംബത്തെയും നരകത്തിലേക്ക് എറിയുന്നതാണെന്നും കരുതുക. ഇത് നിങ്ങൾ കണ്ടാൽ, എന്നിട്ട് നിങ്ങൾ മൗനമവലംബിച്ചാൽ, എന്നിട്ട് നിങ്ങൾ സ്വസ്ഥമായി ഉറങ്ങിയാൽ, അഥവാ നിങ്ങളൊന്നും അറിഞ്ഞില്ല എന്ന മട്ടിൽ ഇരുന്നാൽ, ഇതിന്റെ അർത്ഥം നിങ്ങളുടെ ഈമാൻ ദുർബലമാണ് എന്നാണ്. ഇതുപോലെയാണ് കാര്യമെങ്കിൽ, അല്ലാഹുവിന്റെ വിധി നിങ്ങൾക്ക് മനസ്സിലായിട്ടില്ലാ എന്നർത്ഥം മറ്റ് ജമാഅത്തിൽ നിന്നും നിങ്ങളെ നീക്കി ഈ നൂറ്റാണ്ടിൽ അവൻ തെരഞ്ഞെടുത്ത ദൂതനെ അംഗീകരിപ്പിച്ച്, നിങ്ങളെ ഒന്നാമനാക്കിയതിന്റെ അർത്ഥം നിങ്ങൾക്ക് മനസ്സിലായിട്ടില്ല! നിങ്ങളറിയണം നിങ്ങൾ ദൂതനെ

അംഗീകരിക്കുക മാത്രമല്ല ചെയ്തിട്ടുള്ളത്, നിങ്ങൾ അല്ലാഹുവിന്റെ ജമാഅത്തിന്റെ ഒരു ഭാഗമായി തീർന്നു. ഈ ദൈവീക ദൃഷ്ടാന്തത്തിൽ നിങ്ങളെക്കാൾ ഭാഗ്യവാൻ മറ്റാരാണ്? തീർച്ചയായും ചരിത്രത്തിൽ, ഒരിക്കൽ ആലേഖനം ചെയ്യുന്നതാണ്, വരും തലമുറകൾ നിങ്ങളെക്കുറിച്ച് അന്വേഷിക്കും, നമ്മുടെ സ്യഷ്ടാവിന്റെ മുൻപിൽ, നിങ്ങൾ വളരെ വലിയ ബഹുമാനിതനായിരിക്കും, കാരണം നിങ്ങളവന്റെ ദൂതനെ അംഗീകരിച്ചു, അദ്ദേഹത്തെ, അവൻ ഒരു ജമാഅത്തുമായി, അനേകം ദൈവീകദൃഷ്ടാന്തങ്ങളുമായി നിയോഗിച്ചു. ആയതിനാൽ, ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളെ നവീകരിക്കുവാനുള്ള ജോലി നമുക്ക് നൽകി നമ്മെ ബഹുമാനിച്ചിരിക്കുകയാണ്. ഈ അധ്യാപനങ്ങൾ ഇന്ന് അതിലംഘിച്ചിരിക്കുന്നു; മുല്ലാമാരുടെ കാൽപാദങ്ങളിൽ അത് ചവിട്ടി അരയ്ക്കപ്പെടുന്നു.

സ്നേഹത്തോടെയും, നിഷ്കളങ്കതയോടെയും നിങ്ങളുടെ ഇബാദത്തുകൾ നിറവേറ്റുക. അല്ലാഹുവുമായി നിങ്ങൾ സ്ഥാപിക്കുന്ന യഥാർത്ഥ ബന്ധത്തിലൂടെ മാത്രമേ നിങ്ങൾക്കിത് നേടുവാൻ സാധിക്കുകയുള്ളൂ. ആ സമയം മുതൽ, മാനവകുലത്തിന്റെ നേരെ നിങ്ങൾ ആ യാത്ര ആരംഭിക്കും. മുഹമ്മദ് (സ) ചെയ്തതുപോലെ. **അദ്ദേഹം "ദനാ–ഫതദല്ലാ" അദ്ദേഹം അല്ലാഹുവിനോടടുത്തു; എന്നിട്ട് അദ്ദേഹം ഭൂമയിലേക്ക് ശിരസ്സ് കുനിച്ചു നമിച്ചു കിടന്നു. അദ്ദേഹം മനുഷ്യവർഗ്ഗത്തിന് നേരെ കാട്ടിയ അനുകമ്പയാൽ അവരിലുള്ള തിന്മകൾ വിദൂരത്തായി. ഈ നിലയിൽ അദ്ദേഹത്തിന്റെ പ്രയ്തനവും പ്രാർത്ഥനയും സമർപ്പണം ചെയ്തു. തന്റെ ജീവിതത്തിലൂടെ ഈ മാതൃക അദ്ദേഹം തെളിയിച്ചു കാണിച്ചു.**

ഇതായിരുന്നു, ഈ രീതിയിലായിരുന്നു മെല്ലെ മക്കയിലും മദീനയിലും ഈ മഹത്തായ ആത്മീയ വിപ്ലവം അരങ്ങേറിയത്! ഈ വിപ്ലവം ലോകത്തിന്റെ ഗതി തന്നെ മാറ്റിമറിച്ചു. ഇത്തരം സന്ദർഭത്തിലാണ് നാം മനസ്സിലാക്കേണ്ടത്, **ഈ വിപ്ലവത്തെ മറ്റൊരു കാലഘട്ടവുമായി ബന്ധിച്ചിരിക്കുന്നുവെന്ന് ! അത് "ആഖരീൻ" കാലഘട്ടമാണ്. അതായത് പിറകെ വരുന്ന കാലഘട്ടം. ഇതാണ് ആ കാലഘട്ടം–ഇന്നും നാളെയും–ആണത്. ഹസ്രത് മുഹമ്മദ് (സ) ജീവിതത്തിന് നൽകിയ ആത്മീയ വിപ്ലവം ആ വിപ്ലവം തീർച്ചയായും സംഭവിക്കുക തന്നെ ചെയ്യും. അത് മാറ്റുവാൻ ആർക്കും സാധ്യമല്ല. എന്നാൽ ഈ ആത്മീയ പാതയിൽ തടസ്സങ്ങളായി തീരുന്നവർ, ദൗർഭാഗ്യവാന്മാർ തന്നെയാണ്. ജമാഅത്തിന്റെ ഭാഗമാണ് എന്ന് നാവുകൊണ്ട് പറയുന്നവർ, യഥാർത്ഥത്തിൽ ഈ പാതയിൽ മുള്ളുകൾ വ്യാപിപ്പിക്കുകയാണ്; അപ്പോൾ തീർച്ചയായും അവർ, അവർക്കും അവരുടെ സന്തതികൾക്കും നരകം സ്യഷ്ടിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ നിങ്ങൾ നിശ്ചയമായും നല്ല ഒരു സംസ്ക്കരണം തന്നെ നടത്തണം. ദൂരെ നിന്നല്ല, ഉപദേശങ്ങളിലൂടെ, അടുത്ത് നിന്ന് തന്നെ!**

ആയതിനാൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ അമീർമാരും, അവരുടെ കേന്ദ്രകമ്മിറ്റി അംഗങ്ങളും, അടിയന്തിര കമ്മിറ്റികൂടി ഒരു സംസ്ക്കരണ കമ്മിറ്റിക്ക് രൂപം കൊടുക്കണം, അത് എത്രയും വേഗം പ്രവർത്തി പഥത്തിൽ കൊണ്ടു വരണം. എന്നിട്ട് അവർ, നല്ല ധാർമ്മിക ഗുണങ്ങൾ പുലർത്താത്ത, മൂല്യങ്ങൾ കാത്തുസൂക്ഷിക്കാത്ത ഭവനങ്ങളിൽ കേന്ദ്രീകരിക്കണം. ഓരോ പ്രാവശ്യവും നല്ല ഉപദേശത്തിലൂടെ അവരെ കാര്യങ്ങൾ മനസ്സിലാക്കിക്കുവാൻ ശ്രമിക്കേണ്ടതാണ്. അവരോട് നല്ല നിലയിൽ ഇടപഴകുക. പരുഷമായും കോപത്തോടെയും അവരോട് പെരുമാറരുത്. തികച്ചും നല്ല നിലയിൽ പെരുമാറുക. വിനയത്തോടെയും അനുകമ്പയോടെയും, അങ്ങനെയായാൽ നരകമായി തീർന്ന ഓരോ ഭവനവും സ്വർഗ്ഗമായി മാറും. ഹസ്രത് മുഹമ്മദ് (സ) യുടെയ ജീവിത മാതൃക പിന്തുടരുന്നതിലൂടെയാണ് വീട് സ്വർഗ്ഗമായി മാറുന്നത്. ആയതിനാൽ നിങ്ങൾ ഹസ്രത് മുഹമ്മദ് (സ) യുടെ മാതൃക പിന്തുടരുക. എന്നിട്ട് നിങ്ങൾ ഈ സ്വർഗ്ഗത്തിന്റെ നിഴലിൽ വരുക. ആ നിമിഷം മുതൽ ഈ സ്വർഗ്ഗം വ്യാവിക്കുവാൻ തുടങ്ങും. അത് യഥാർത്ഥത്തിൽ മുഹമ്മദ് (സ)യുടെ സുന്നത്താകുന്ന സ്വർഗ്ഗമാണെങ്കിൽ ! ഒരു താമസവും കൂടാതെ, ശരിയായ നിലയിൽ പ്രവർത്തി പഥത്തിൽ കൊണ്ടു വരേണ്ടതാണ്. ഏറ്റവും പ്രധാനപ്പെട്ട സന്ദേശം ഇത് തന്നെയാണ്. മനുഷ്യ പ്രക്യതിയാണ്, ഒരു സന്ദേശം കേട്ടാൽ, ഉടനെ കുമിളപോലെ ഒരു താത്പര്യം പ്രകടമാക്കും, അൽപസമയത്തിന് ശേഷം അതങ്ങു തണുക്കും. എന്നാൽ ധാർമ്മിക പോരാട്ടം, വളരെ പ്രധാനപ്പെട്ട ഒരു പോരാട്ടം തന്നെയാണ്. സാർവ്വദേശീയ ഇസ്ലാമിക ജിഹാദിന്റെ ഭാഗമായി പ്രക്യത്യാ തന്നെ അത് നിലകൊള്ളുന്നു. ആയതിനാൽ കഴിയുന്നിടത്തോളം ഇത്തരം ആളുകളെ സംരക്ഷിക്കുന്നതിന് നിങ്ങൾ പരമാവധി പ്രയത്നിക്കേണ്ടതാണ്. അവരെ രക്ഷിക്കുന്നതിനായി കഴിയുന്നിടത്തോളം പ്രയത്നം നിങ്ങൾ ചെയ്ത ശേഷം,

എന്നിട്ടും അവരാരും രക്ഷപ്പെടുന്നില്ലെങ്കിൽ, അഥവാ ഈ രക്ഷാ പ്രവർത്തനം നിങ്ങളുടെ പരിധിക്കു പുറത്താണെങ്കിൽ, അല്ലെങ്കിൽ നിങ്ങളുടെ പ്രവർത്തനം ഒരു ഫലവും നൽകുന്നില്ലെങ്കിൽ, നിങ്ങൾ മനസ്സിലാക്കുക ഇത് അല്ലാഹുവിന്റെ വിധിയാണ്, അവർ രക്ഷപ്പെടുകയില്ലാ എന്നത് ! ആയതിനാൽ ഇത്തരം സന്ദർഭത്തിൽ ഈ ശാഖകൾ അല്ലാഹു മുറിച്ചു മാറ്റുന്നതാണ്; അതിനെ നിരസിക്കുന്നതാണ്. അവരെ ഒരുമിച്ചു നിർത്തുവാൻ സാധ്യമല്ല (നിങ്ങളോടൊപ്പം /നമ്മോടൊപ്പം) ആത്മീയ വിപ്ലവത്തിന്റെ പുരോഗതിയ്ക്കായി.

**അവരെ രക്ഷിക്കുവാനായി ചെയ്യാവുന്നതെല്ലാം ചെയ്തശേഷം – അത് നിഷ്ഫലമാണ് എന്ന് തെളിഞ്ഞു കഴിഞ്ഞാൽ ഈ ഉണങ്ങിയ ശിഖിരങ്ങളെ മുറിച്ച് മാറ്റുക, അവയൊരു ഭാഗത്ത് കിടക്കട്ടെ, നിങ്ങൾ വളരെ പെട്ടെന്നു തന്നെ നിങ്ങളുടെ യാത്ര തുടരുക.** എന്നാൽ ഇത്തരം നടപടി ക്രമങ്ങളിൽ, നിങ്ങൾക്ക് വളരെയധികം ക്ഷമയുണ്ടായിരിക്കണം. ഒരു പരിധിയോളം ക്ഷമയുടെ മാഹാത്മ്യം നിങ്ങൾ വിശദീകരിച്ചു കൊടുക്കണം. ദുആയിലൂടെയും, ആത്മാർത്ഥതയിലൂടെയും, സ്നേഹത്തിലൂടെയും നിങ്ങളുടെ ഉപദേശം തുടരുക. ഒരിക്കലും വെറുപ്പോടെയോ കയ്പോടെയോ ആയിരിക്കരുത്! ആയതിനാൽ അവരെ സംസ്ക്കരിക്കുവാൻ ശ്രമിക്കുക. അവരെ നേരെയാക്കാൻ ശ്രമിക്കുക. അവരെ നേരെയാക്കുവാനുള്ള ശ്രമത്തിൽ നിങ്ങൾ പരാജയപ്പെടുകയാണെങ്കിൽ, ഈ സന്ദർഭത്തിൽ, അല്ലാഹു താൻ തന്നെ, അവരെ പുറത്ത് എറിയുന്നതാണ്/ അഥവാ അവരെ ഒരു ഭാഗത്തേക്ക് മാറ്റുന്നതാണ്. അവർക്ക് ആവശ്യമായ അറിവ് പകർന്ന് നൽകേണ്ടത് ആവശ്യമാണ്; അവർക്ക് കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുക. അല്ലാഹു (ത) അവരെ എങ്ങനെയാണ് സ്നേഹിക്കുന്നതെന്ന് ! അവൻ എങ്ങനെയാണ് അവരെ തെരഞ്ഞെടുത്ത് അവന്റെ ജമാഅത്തിലാക്കിയതെന്ന്, തെരഞ്ഞെടുക്കപ്പെട്ട ദൂതനോടൊപ്പം ! തീർച്ചയായും മഹത്തായ ഒരു ലൈലത്തുൽ ഖദ്ർ അവരുടെ ജീവിതത്തിൽ ലഭിച്ചിരിക്കുകയാണ്!

റൂഹുൽ ഖുദ്സുമായി, ദൈവദൂതന്റെ ആഗമനം ദിവസവുമുണ്ടാകുന്ന കാര്യമല്ല, മാസംതോറും ഉണ്ടാകുന്ന കാര്യവുമല്ല. അഥവാ വർഷംതോറും സംഭവിക്കുന്നതുമല്ല. ഇത്തരം ദൈവീക അനുഗ്രഹങ്ങൾ ലഭിക്കുക എന്നത്. ഒരു പ്രവാചകന്റെ ജീവിത കാലത്ത് ഈ സുവർണ്ണാവസരത്തിന് ആരൊക്കെ സാക്ഷികളാകുന്നുവോ, അവർ തീർച്ചയായും അംഗീകരിക്കുകയും, അനുസരിക്കുകയും ചെയ്യേണ്ടതു തന്നെയാണ്. അവർ കഴിയുന്നതൊക്കെ ഈ മാർഗ്ഗത്തിൽ ചെയ്യേണ്ടതുമാണ് ! ഈ സന്ദേശത്തെ നിങ്ങൾ നിരസിക്കുകയാണെങ്കിൽ അല്ലാഹു, അവൻ തന്നെ, നിങ്ങളെ അവനിൽ നിന്നും പുറത്തു കളയുന്നതാണ്. **അല്ലാഹുവിന്റെ പ്രവാചകന്റെ സുഹൃത്ത് വലയത്തിൽ കഴിയുക എന്ന ബഹുമതി ലഭിക്കുവാനായി നിങ്ങൾ പരിശ്രമിക്കുക.** നിങ്ങളുടെ ധാർമ്മിക ഗുണങ്ങളെ നേരെയാക്കുവാനാണ് അവൻ വന്നിട്ടുള്ളത് ! സ്വർഗ്ഗീയ ജ്ഞാനത്താൽ നിങ്ങളെ പ്രകാശിപ്പിക്കുവാനാണവൻ വന്നിട്ടുള്ളത്! ഇൻശാ അല്ലാഹ്. ആമീൻ! അടുത്ത വെള്ളിയാഴ്ച ഇതിന്റെ മൂന്നാം ഭാഗം തുടരുന്നതാണ്. ഇൻശാ അല്ലാഹ് ! ആമീൻ.


**Translated & Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223 / 8547299180*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


****************